**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5670** **18.11.2019-** ൽ മറുപടിയ്ക്ക്

## വി.കെയർ പദ്ധതി പ്രകാരം കുടിശ്ശിക

ചോദ്യം
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി നടപ്പിലാക്കുന്ന വി-കെയർ പദ്ധതി പ്രകാരം ബാങ്ക് ലോൺ എടുത്ത് വീഴ്ച വരുത്തിയ കുടിശ്ശികകാർക്ക് പ്രസ്തുത ലോൺ തിരിച്ചടക്കുന്നതിന് ധനസഹായം അനുവദിക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വി-കെയർ പദ്ധതിയിലുൾപ്പെടുത്തി ബാങ്ക് ലോൺ തിരിച്ചടയ്ക്കുന്നതിന് നാളിതുവരെ രണ്ട് പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>1) ശ്രീമതി ശൈലജ ജിത്തുമോൻ, നായ്ക്കുംവെളി, ഏടാട്.പി.ഒ., ഇടുക്കി.<br>2) ശ്രീമതി ഷാനി കെനി, TC 78/1124, ജൂസ റോഡ്, വള്ളക്കടവ്, തിരുവനന്തപുരം.<br>ശ്രീമതി ഷൈലജ ജിത്തുമോന്റെ ഭർത്താവ് 100% അന്ധനായ വ്യക്തിയാണ്. അവരുടെ രണ്ട് പെൺമക്കളിൽ മൂത്തയാൾക്ക് ശാരീരിക വൈകല്യമുള്ളതും രണ്ടാമത്തെയാൾ സന്ധിവാതവുമായി ബന്ധപ്പെട്ട അസുഖത്തിനും ചികിത്സയിലുമാണ്. ടി കുട്ടികളുടെ ചികിത്സയ്ക്കായിട്ടാണ് ബാങ്ക് ലോൺ എടുത്തത്. എന്നാൽ ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതിരുന്ന ഈ കുടുംബത്തിന് ബാങ്ക് ലോൺ അടയ്ക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീമതി ഷൈലജ സഹായത്തിനായി വി-കെയർ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുകയും |
| (ബി) | ഇത്തരത്തിൽ നാളിതുവരെ ആർക്കെങ്കിലും ബാങ്ക് ലോൺ തിരിച്ചടവിനായി ധനസഹായം അനുവദിച്ചിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണ്; | | |
| (ഡി) | ഇത്തരത്തിൽ ധനസഹായം അനുവദിച്ച വ്യക്തികളുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി കെയർ പദ്ധതിയിൽ ടി അപേക്ഷ പരിഗണിക്കുകയും ബാങ്കുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കലിലൂടെ തിരിച്ചടയ്ക്കാനുള്ള തുകയിൽ ഇളവ് അനുവദിച്ച് നൽകുന്നതിന് ഗവേണിംഗ് ബോഡിയിൽ തീരുമാനിക്കുകയും, അപ്രകാരം തുക അനുവദിക്കുകയും ചെയ്തു.<br>ശ്രീമതി ഷാനി കെനിയുടെ ഭർത്താവ് ശ്രീ.കെനി നിക്കോളാസ് വീട് നിർമ്മാണത്തിനെടുത്ത ലോൺ തുക ഏകമകളായ നിഖിത കെനിയുടെ വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വേണ്ടിയാണ് ഉപയോഗിച്ചതെന്ന് അറിയാൻ കഴിഞ്ഞു. ശസ്ത്രക്രിയ നടത്തി തുടർ ചികിത്സയിലിരിക്കെ കുട്ടി മരണപ്പെട്ടു. മത്സ്യത്തൊഴിലാളിയായ ശ്രീ.കെനി നിക്കോളാസിന് ബാങ്കിൽ നിന്നും എടുത്ത തുക തിരിച്ചടയ്ക്കാൻ സാധിച്ചില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വി കെയർ പദ്ധതിയിൽ അപേക്ഷ പരിഗണിക്കുകയും ബാങ്കുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കലിലൂടെ തിരിച്ചടയ്ക്കാനുള്ള തുകയിൽ ഇളവ് അനുവദിച്ച് നൽകുകയും ചെയ്തു.<br>വി കെയറിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകരുടെ വിശദമായ അന്വേഷണ റിപ്പോർട്ട് അപേക്ഷകരുടെയും കുടുംബാംഗങ്ങളുടെയും വിവരങ്ങൾ, ചികിത്സ സംബന്ധിച്ച രേഖകൾ, സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന രേഖകൾ. സ്വത്ത്/കടബാധ്യത സംബന്ധിച്ച രേഖകൾ, ജപ്തി നോട്ടീസിന്റെ പകർപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ബാങ്കുമായി ഇടപെട്ട് ഒറ്റത്തവണത്തീർപ്പാക്കലിലൂടെ തുകയിൽ |

| | | | |
|---|---|---|---|
| | | | ഇളവു ചെയ്യുതിനു ശേഷം വി കെയറിന്റെ കമ്മിറ്റികളിൽ (ഇംപ്ലിമെന്റേഷൻ/റിവ്യൂ ആന്റ് ഇംപ്ലിമെന്റേഷൻ/എക്സിക്യൂട്ടീവ്/ ഗവേണിംഗ് ബോഡി) പരിശോധിച്ച് അവയുടെ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ